LIBRARY ARCHIVES Kerala Legislative Assembly

എൻഡോസൾഫാൻ ദുരിതബാധിതർ

103 (3535) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

എൻഡോസൾഫാൻ ദുരിതബാധിതരായ എത്ര പേർ നാളിതുവരെ മരണപ്പെട്ടിട്ടുണ്ടെന്നും ഇതിൽ എത്ര പേരുടെ ആശ്രിതർക്ക് സാമ്പത്തിക സഹായങ്ങൾ വിതരണം ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കാമോ ; രോഗബാധിതരിൽ എത്ര പേർക്ക് ഇപ്പോഴും തുടർ ചികിത്സ നൽകുന്നുണ്ടെന്നും വ്യക്തമാക്കാമോ ?

ഉത്തരം

നാളിതുവരെയായി എൻഡോസൾഫാൻ ദുരിതബാധിതരായ 1109 പേർ മരണപ്പെട്ടിട്ടുണ്ട്. മരണപ്പെട്ടവരിൽ 667 പേർക്ക് ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെട്ട എല്ലാവർക്കും ചികിത്സയും തുടർ ചികിത്സയും ആവശ്യമായി വരുന്നമുറയ്ക്ക് സൗജന്യമായി നൽകിവരുന്നുണ്ട്. ജില്ലയിലെ ആരോഗ്യവകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾ, ആയുർവ്വേദ, ഹോമിയോ മെഡിക്കൽ കോളേജുകൾ, വിദഗ്ധ ചികിത്സ നൽകാനായി എംപാനൽ ചെയ്യപ്പെട്ട സ്വകാര്യ മേഖല ഉൾപ്പെടെയുള്ള 17 ആശുപത്രികൾ, എന്നീ സ്ഥാപനങ്ങൾവഴിയാണ് എൻഡോസൾഫാൻ ദുരിത ബാധിതർക്ക് ചികിത്സ നൽകിവരുന്നത്.

ചിക്കൻപോക്സിനെ പ്രതിരോധിക്കാൻ നടപടി

104 (3536) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചിക്കൻപോക്സിനെ പ്രതിരോധിക്കാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ബി) ചിക്കൻപോക്സ് ബാധിക്കുന്ന കുട്ടികൾക്ക് മൃമോണിയയെ പ്രതിരോധിക്കാൻ ആരോഗ്യവകുപ്പിൽ നിന്നും വൈറ്റമിൻ 'എ' വിതരണം നടത്തുന്നുണ്ടോ ;

(സി) കഴിഞ്ഞ ആറുമാസക്കാലമായി സംസ്ഥാനത്ത് വൈറ്റമിൻ 'എ'യുടെ വിതരണം നിലച്ചതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ചിക്കൻപോക്സ് സാധാരണ വേനൽക്കാലത്ത് ഉണ്ടാകുന്ന ഒരു രോഗമായിരുന്നു. എന്നാൽ ഇപ്പോൾ ഇത് മഴക്കാലത്തും ഉണ്ടാകുന്നുണ്ട്. ഈ രോഗത്തിന് വാക്സിനേഷൻ ഇല്ല. രോഗം വരുന്നവർക്ക് ആന്റി വൈറൽ മരുന്നുകൾ നൽകുന്നു. രോഗാരംഭത്തിൽ തന്നെ രോഗിയെ മറ്റുള്ളവരിൽനിന്നും ഐസൊലേറ്റ് ചെയ്യുന്നു. വീട്ടിലായാലും ആശുപത്രിയിൽ ആയാലും ഇത് പാലിക്കാൻ ശ്രദ്ധിക്കുന്നു. ഈ രോഗത്തെപ്പറ്റിയും അത് പകരുന്നത് എപ്പോഴാണെന്നും രോഗം വന്നാൽ ശ്രദ്ധിക്കേണ്ട കാര്യങ്ങളും സംബന്ധിച്ച് ജനങ്ങൾക്കും ആരോഗ്യ പ്രവർത്തകർക്കും വേണ്ട ബോധവൽക്കരണം നൽകിയിട്ടുണ്ട്.

(ബി) ഇല്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ആശ വർക്കർമാരുടെ ഓണറേറിയം

105 (3537) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആശാവർക്കർമാർക്ക് ഓണറേറിയം കൃത്യമായി നൽകുന്നില്ല എന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ ;

(ബി) പ്രതിരോധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന ആശാവർക്കർമാരുടെ സുരക്ഷിതത്വം ഉറപ്പുവരുത്താൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) ആശവർക്കർമാർക്ക് കുടിശ്ശികയുള്ള ഓണറേറിയം വിതരണം ചെയ്യുന്നതിനും പാലിയേറ്റീവ് പ്രവർത്തനത്തിലേർപ്പെട്ടിരിക്കുന്നവർക്ക് അഡീഷണലായി നൽകിയ യുക നിർത്തലാക്കിയത് പുനഃസ്ഥാപിക്കാനും നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ആശവർക്കർമാർക്ക് 2015 മാർച്ച് വരെയുള്ള ഓണറേറിയം വിതരണം ചെയ്തിട്ടുണ്ട്. 2015 ഏപ്രിൽമുതൽ ജൂൺവരെ ഓണറേറിയം കുടിശ്ശിക ആയിട്ടുണ്ട്. കുടിശ്ശിക വിതരണത്തിന് ഫണ്ട് അനുവദിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു.

(ബി) പ്രതിരോധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന ആശാവർക്കർമാരുടെ